# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5433 — 31.10.2016 ൽ - മറുപടിക്ക്

## റേഷൻകാർഡ്- മുൻഗണനാ പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻകാർഡ് നൽകുന്നതിന്റെ ഭാഗമായി മുൻഗണനാ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; | (എ) കരട് മുൻഗണനാ പട്ടിക 05.10.16-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) റേഷൻകടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറം വഴി ലഭ്യമായ വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുകയും കരട് പട്ടിക സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലും, തദ്ദേശസ്വയം ഭരണ സ്ഥാപനം, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ് റേഷൻകടകൾ എന്നിവിടങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഈ ലിസ്റ്റിൽ പരാതിയുള്ളവർക്ക് അത് നൽകാനുള്ള സംവിധാനങ്ങൾ വിശദീകരിക്കാമോ; | (സി) കരട് പട്ടികയിൽ പരാതിയുള്ളവർക്ക് വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ പരാതി സമർപ്പിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പരാതിക്കാരന് വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ അവകാശ വാദങ്ങളുടെ രേഖകൾ സമർപ്പിക്കുവാനും അതിന്മേൽ പരാതിയുണ്ടെങ്കിൽ പരിഹരിക്കുന്നതിനായി അപ്പലേറ്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) പഞ്ചായത്ത് തലത്തിൽ പരാതി പരിഹാരസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) പഞ്ചായത്ത് സെക്രട്ടറി ചെയർമാനായിട്ടുള്ള വെരിഫിക്കേഷൻ കമ്മിറ്റി കരട് പട്ടികയുടെ പരാതി പരിഹാരത്തിനായി രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ